# നമ്മിലുള്ള ദൈവത്തിന്റെ ആത്മാവ്

## 1 കൊരിന്ത്യർ 2:12

**"നാമോ ലോകത്തിന്റെ ആത്മാവിനെ അല്ല, ദൈവം നമുക്ക് നൽകിയത് അറിയുവാനായി ദൈവത്തിൽനിന്നുള്ള ആത്മാവിനെ അത്രെ പ്രാപിച്ചത്"**

ദൈവത്തിന്റെ ആത്മാവ് അഥവാ പരിശുദ്ധാത്മാവ് പരിവർത്തിച്ചതുകൊണ്ടാണല്ലോ യേശുവിനെ ദൈവപുത്രനായി നമ്മുടെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുവാൻ നമുക്കിടയായത്. ഉല്പത്തി പുസ്തകം ഒന്നാം അദ്ധ്യായത്തിൽ സൃഷ്ടിപ്പിന്റെ ആരംഭത്തിൽ വെള്ളത്തിനുമീതെ പരിവർത്തിച്ചുകൊണ്ടിരുന്ന ദൈവാത്മാവിനെ കുറിച്ച് നാം വായിക്കുന്നു. അപ്രകാരം വേദപുസ്തകത്തിലുടനീളം ദൈവാത്മാവിന്റെ പ്രവർത്തനങ്ങൾ നമുക്ക് കാണുവാൻ കഴിയുന്നുണ്ട്. നമ്മുടെ രക്ഷിതാവിന്റെ ജനനം തന്നെ പരിശുദ്ധാത്മാവാൽ കന്യകാമറിയത്തിൽ ഉത്ഭവിച്ച വിശുദ്ധ പ്രജയാകുന്നുവല്ലോ.

മനുഷ്യർക്ക് അസാധ്യമായതിനെ സാധ്യമാക്കിത്തരുവാൻ പരിശുദ്ധാത്മാവ് സഹായിക്കുന്നു. പരിശുദ്ധാത്മാവിന്റെ ആവശ്യകതയെപ്പറ്റി ഒരു ദൈവപൈതലിന് നല്ല ബോധ്യമുണ്ടായിരിക്കണം. പരിശുദ്ധാത്മാവ് വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം കർത്താവിന്റെ സാക്ഷികൾ ആകും എന്ന് കർത്താവ് നമ്മോട് പറഞ്ഞിട്ടുണ്ടല്ലോ. കർത്താവിന്റെ പരസ്യശുശ്രൂഷക്ക് മുമ്പേ അവിടുന്ന് സ്നാനം ഏറ്റ ഉടൻ പരിശുദ്ധാത്മാവ് പ്രാവെന്ന പോലെ ഇറങ്ങി കർത്താവിന്റെമേൽ വന്നു എന്ന് വായിക്കുന്നുണ്ടല്ലോ.

നാം പ്രാപിച്ചിരിക്കുന്ന ഈ പരിശുദ്ധാത്മാവിന്റെ പ്രത്യേകതകൾ അഥവാ സവിശേഷതകൾ എന്തൊക്കെയാണെന്ന് വചനം നമ്മെ വ്യക്തമായി പഠിപ്പിക്കുന്നു. ഭീരുത്വത്തിന്റെ ആത്മാവിനെയല്ല ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രെ ദൈവം നമുക്ക് നൽകിയിരിക്കുന്നത്. അബ്ബാപിതാവേ എന്നു വിളിക്കുന്ന പുത്രത്വത്തിന്റെ ആത്മാവിനെയത്രെ അവിടുന്ന് നമുക്ക് നൽകിയിരിക്കുന്നത്. (റോമർ 8:15)

ഈ പരിശുദ്ധാത്മാവാകുന്ന ദൈവം ഇന്നും ഈ ഭൂമിയിൽ തന്റെ സാനിദ്ധ്യം കൊണ്ട് നമ്മെ സഹായിക്കുന്നു. ഒരു വ്യക്തിജീവിതത്തിന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധ്യം വരുത്തുന്നത് ഈ പരിശുദ്ധാത്മാവാകുന്നു. ഒരു ദൈവപൈതലിനെ സകല സത്യത്തിലും നടത്തി നിത്യതയോളം എത്തിക്കുവാൻ പരിശുദ്ധാത്മാവ് സഹായിക്കുന്നു.

പലപ്പോഴും വേണ്ടുംവണ്ണം പ്രാർത്ഥിക്കേണ്ടത് എങ്ങനെയെന്ന് നമുക്കറിയാതിരിക്കുമ്പോഴും, ദൈവാത്മാവ് ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം കഴിക്കുന്നു. എല്ലാവരിലും പ്രവർത്തിക്കുന്ന ദൈവാത്മാവ് ഒന്നുതന്നെയാകുന്നുവെന്നുംദൈവത്തിന്റെ തിരുഹിതമനുസരിച്ച് ഓരോരുത്തന് ആത്മാവിന്റെ വിവിധവരങ്ങൾ പകുത്തുകൊടുക്കുന്നുവെന്നും 1 കൊരിന്ത്യർ 12 ൽ നാം വായിക്കുന്നു.

ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവർ ദൈവമക്കൾ എന്ന് വിളിക്കപ്പെടുന്നു. അങ്ങനെയുള്ളവരിൽ ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവാൻ ഇടയാകണം. കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം പെന്തക്കോസ്തുനാൾ വന്നപ്പോൾ കൂടിയിരിക്കുന്ന എല്ലാവരുടെമേലും പരിശുദ്ധാത്മാവിന്റെ ശക്തി ഇറങ്ങിയതായി അപ്പ. പ്രവർത്തികൾ 2–ാം അദ്ധ്യായത്തിൽ വായിക്കുന്നുവല്ലോ.

നമ്മിലോരോരുത്തരിലും കർത്താവ് തന്റെ ആത്മാവിന്റെ ശക്തി പകർന്നിരിക്കുകയാണ്. ബലഹീനതയിൽ തികഞ്ഞുവരുന്ന ആ ശക്തി നമുക്കേറ്റെടുത്തുകൊണ്ട് ധൈര്യത്തോടെ ദൈവത്തിന്റെ കൃപാസനത്തോട് അടുത്ത് ചെല്ലാം. നമ്മിലുള്ളവൻ ലോകത്തിലുള്ളതിനെക്കാൾ വലിയവനാകയാൽ വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ട് പരമാർത്ഥ ഹൃദയത്തോടെ ദൈവത്തെ ആരാധിക്കുന്നവരാകാം. ലോകത്തിലുള്ളവർക്ക് എടുത്തുമാറ്റുവാൻ സാധിക്കാത്ത അത്യന്ത ശക്തി നമ്മുടെ മൺകൂടാരങ്ങളിൽ പകർന്നുതന്ന ദൈവത്തിനു നമുക്ക് സ്തോത്രം ചെയ്യാം.

നമുക്കുവേണ്ടി സകലവും നിർവഹിക്കുവാൻ കഴിയുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയിലേക്ക് നമ്മെയും നമുക്കുള്ളതിനെയും പൂർണ്ണമായും ഏല്പിച്ചുകൊടുക്കാം. ദൈവം നമ്മെ ഏവരെയും അനുഗ്രഹിക്കുമാറാകട്ടെ

പരാമർശം :

യെശയ്യാവ് 59:21

"നിന്റെ മേലുള്ള എന്റെ ആത്മാവും നിന്റെ വായിൽ ഞാൻ തന്നെ എന്റെ വചനങ്ങളും, നിന്റെ വായിൽ നിന്നും, നിന്റെ സന്തതിയുടെ വായിൽ നിന്നും, നിന്റെ സന്തതിയുടെ സന്തതിയുടെ വായിൽ നിന്നും ഇന്നു മുതൽ ഒരു നാളും വിട്ടുപോകുകയില്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു."

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 048